# കേരളപാഠാവലി

## മലയാളം

## ഭാഗം – 1

# സ്റ്റാൻഡേർഡ് – 3

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്
2016

തയാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരതഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛലജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരതഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

**കേരളപാഠാവലി**

**3**

State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@gmail.com

*Typeset and design by* SCERT Computer Lab
First Edition: 2014, Reprint : 2016

© Government of Kerala • Department of Education

പ്രിയപ്പെട്ട കൂട്ടുകാരേ,

മലയാളത്തിന്റെ മധുരം നുകരാം.
കളിച്ചും രസിച്ചും പഠിക്കാം.

കഥപറഞ്ഞും പാട്ടുപാടിയും രസിക്കാം.
നമുക്കു ചുറ്റുമുള്ള ലോകത്തെക്കുറിച്ച് അറിയാം.
ഭാവനയുടെ ചിറകിലേറിപ്പറക്കാം.

വായിച്ചും എഴുതിയും അറിവിന്റെ ലോകത്ത്
സ്ഥാനമുറപ്പിക്കാം.

കൂട്ടുകൂടാൻ
സ്നേഹം പകരാൻ
പഠനം സഹായിക്കട്ടെ.

സ്നേഹാശംസകളോടെ,

**ഡോ. പി. എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**മടവൂർ ശശി**
ദിവ്യദീപ്, കരമന

**സജേഷ് കെ.വി.**
ജി.എൽ.പി.എസ്. മാളിക

**അബ്ദുൽ നാസിർ**
ഡയറ്റ്, തൃശൂർ

**രാജേഷ് എസ്. വള്ളിക്കോട്**
ജി.എൽ.പി.എസ്. കൊടുന്തറ,
പത്തനംതിട്ട

**ഡോ. ടി.കെ. അബ്ബാസ് അലി**
ഡയറ്റ് വയനാട്

**പുഷ്പകുമാരി**
ജി.ഡബ്യൂ.എൽ.പി.എസ്. കണ്ടഞ്ചിറ
ഡാലി പോസ്റ്റ്, കുളത്തൂപ്പുഴ

**അനിത ഹരി**
ജി.യു.പി.എസ്. രാമപുരം,
നെടുമങ്ങാട്

**സുജാത**
ഡയറ്റ് വയനാട്

**ബിജുകുമാർ**
ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരി
പാലക്കാട്

**സജീവ്കുമാർ പി.**
ബി.ആർ.സി. മണ്ണാർക്കാട്

**രമേശ് കാവിൽ**
ജി.എച്ച്.എസ്. ആഴ്ചവട്ടം

## ചിത്രകാരന്മാർ

**രമേശൻ പി.** ഇരിങ്ങണ്ണൂർ എച്ച്.എസ്.എസ്. കോഴിക്കോട്

**ജനു മഞ്ചേരി, സന്തോഷ് വെളിയന്നൂർ**

**രാജീവ് എൻ.ടി.** ജി.എച്ച്.എസ്.എസ്. തരിയോട്

**രാമദാസ് വടകര, ഷാജി മാത്യു മലയാലപ്പുഴ**

## വിദഗ്ധപരിശോധന

**ഡോ. പി. സോമനാഥൻ**, കോഴിക്കോട് സർവകലാശാല

**പ്രൊഫ. പി. നാരായണമേനോൻ**, നന്ദനം, അരിയന്നൂർ

**ഡോ. വിജയൻ ചാലോട്**, എസ്.എസ്.എ. കണ്ണൂർ

**കെ.എം. ഉണ്ണികൃഷ്ണൻ**, ഡയറ്റ് കണ്ണൂർ

## അക്കാദമിക് കോഡിനേറ്റർ

**ഡോ. പി.കെ. തിലക്**
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.


സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012




## ഉള്ളടക്കം


| | | |
|---|---|---|
| 1. | അമ്മയോടൊപ്പം | 07 |
| 2. | മാനത്തിന്റെ മടിത്തട്ടിൽ | 21 |
| 3. | എല്ലുമുറിയെ പണിചെയ്താൽ | 35 |
| 4. | നിറമുള്ള നന്മകൾ | 45 |
| 5. | വഴിവിളക്ക് | 59 |

1


# അമ്മയോടൊപ്പം



അമ്മയോട് പറയുന്നത് എന്താവാം?


# കണ്ണന്റെ അമ്മ

കണ്ടോ കണ്ണനെ? കണ്ണും ചുവന്നമ്മ
കാട്ടിൽ തേടി നടക്കുന്നു;
‘കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ’ കരി-
വണ്ടും തുമ്പിയും മൂളുന്നു.
‘കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ’ മലർ-
ച്ചെണ്ടുകൾ മിണ്ടാതെ നിൽക്കുന്നു.
കണ്ടിട്ടേയില്ല ഞാനെന്നു പേടമാൻ
കണ്ണും നീട്ടിത്തിരിയുന്നു.
കണ്ണനിക്കാട്ടിലേ വന്നില്ലാ! കൊച്ചു
കാളിന്ദിയോളങ്ങൾ തുള്ളുന്നു.
കഴലു കഴച്ചു വലഞ്ഞപ്പോളമ്മ
തിരിയെപ്പോവാൻ തുടങ്ങുന്നു.



കാടിൻ നീലിച്ച ഹൃത്തിൽനിന്നപ്പോളൊ-
രോടക്കുഴൽവിളി പൊങ്ങുന്നു!
കമ്പു കരംവിട്ടു വീഴുന്നു; മുഖം
പുഞ്ചിരികൊണ്ടു തിളങ്ങുന്നു!
കണ്ണുംപൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു!...

**– സുഗതകുമാരി**





## കണ്ടെത്താം പറയാം

- അമ്മ കണ്ണനെ അന്വേഷിച്ചത് ആരോടെല്ലാമാണ്? അവരുടെ മറുപടിയായി വരുന്ന വരികൾ ഏവ?
- അമ്മ കണ്ണുംപൂട്ടി നിൽക്കാൻ കാരണമെന്തായിരിക്കാം?

## കണ്ണന്റെ കുസൃതികൾ





കാട്ടിൽ ഒളിച്ചുനടക്കുന്നത് കണ്ണന്റെ കുസൃതിയാണ്. ഇതുപോലെ കണ്ണന്റെ മറ്റു കുസൃതികൾ കൂട്ടിച്ചേർക്കുക.

.........................................................................................................

.........................................................................................................

.........................................................................................................

.........................................................................................................

.........................................................................................................

.........................................................................................................

## ചിത്രവായന

കവിതയിലെ ആരെല്ലാം ഈ ചിത്രത്തിലുണ്ട്?



JT 119-3 Malayalam-3 VOL-1

## ഊഹിച്ചെഴുതാം

- കണ്ണൻ അമ്മയെ ഒളിച്ചു നടക്കുന്നത് എന്തുകൊണ്ടാവാം?

## വരികൾ കണ്ടെത്തുക

- അമ്മയുടെ വിഷമം അലിഞ്ഞുപോയി എന്ന ആശയം സൂചിപ്പിക്കുന്ന വരികൾ എഴുതുക.
- അമ്മയ്ക്ക് കോപം വന്നു എന്നു സൂചിപ്പിക്കുന്ന വരികൾ ഏതെല്ലാം?

## ഇഷ്ടപ്പെട്ട വരികൾ


- ഈ കവിതയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട വരികൾ ഏതെല്ലാമാണ്? ഇഷ്ടപ്പെടാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

## താളത്തിൽ ചൊല്ലാം

- 'കണ്ണന്റെ അമ്മ' എന്ന കവിതയ്ക്ക് ഉചിതമായ താളം കണ്ടെത്തി ചൊല്ലുക.

## ഭാവങ്ങൾ എന്തെല്ലാം

'കണ്ണും ചുവന്നമ്മ', 'കണ്ണുംപൂട്ടി നിന്നമ്മ'– ഏതൊക്കെ ഭാവങ്ങളാണ് ഈ വാക്കുകളിൽ തെളിയുന്നത്?



## ചൊല്ലിരസിക്കാം

- കണ്ടോ കണ്ണനെ നിങ്ങളാരാൻ; അമ്മ
  കമ്പു കരത്തിലെടുക്കുന്നു.
  കണ്ടില്ലാ ഞങ്ങൾ കാലിക്കിടാവുക-
  ളെന്തോ മണ്ടിയൊളിക്കുന്നു

- "രാവായിപ്പോയാലിക്കാലി കറപ്പതി-
  നാവതല്ലെന്നതു തേറണം നീ.
  കാലികറന്നങ്ങു പോയിട്ടുവേണം നീ
  കോലക്കുഴൽ വിളിയെൻമകനേ!"

## മാറ്റിച്ചൊല്ലാം

അടിവരയിട്ട വാക്കുകൾക്ക് പകരം വാക്കുകൾ തിരഞ്ഞെടുത്ത് വരികൾ മാറ്റിച്ചൊല്ലുക.

ഉദാ:

കണ്ണുംപൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു.

മിഴിയുംപൂട്ടി നിന്നമ്മ തൻ കുഞ്ഞിന്റെ
പൊന്നോടക്കുഴൽ കേൾക്കുന്നു.

- കണ്ടില്ലാ ഞങ്ങൾ കണ്ടില്ലാ മലർ-
  ച്ചെണ്ടുകൾ മിണ്ടാതെ നിൽക്കുന്നു.
- കഴലു കഴച്ചു വലഞ്ഞപ്പോളമ്മ
  തിരിയെപ്പോവാൻ തുടങ്ങുന്നു

(കാല്, പൂച്ചെണ്ടുകൾ)

## എന്റെ പദശേഖരത്തിലേക്ക്

കവിതയിൽ കണ്ടെത്തിയ പുതിയ പദങ്ങൾ ശേഖരിക്കാം.

| | | |
|---|---|---|
| കഴല് | - | കാല് |
| കമ്പ് | - | വടി |
| .......... | - | |
| .......... | - | |
| .......... | - | |

## മാറ്റിയെഴുതാം

| | | |
|---|---|---|
| കണ്ടോ കണ്ണനെ | - | കണ്ണനെ കണ്ടോ |
| കണ്ടില്ലാ ഞങ്ങൾ | - | .................................. |
| കണ്ണുംപൂട്ടി നിന്നമ്മ | - | .................................. |
| വലഞ്ഞപ്പോളമ്മ | - | .................................. |

## കുട്ടിക്കാലം കുസൃതിക്കാലം

- കളിയുമായി ബന്ധപ്പെട്ട് നിങ്ങളുടെ ജീവിതത്തിലുണ്ടായ രസകരമായ ഒരു സംഭവം എഴുതുക.

## കഥാരൂപത്തിൽ എഴുതാം

ഈ കവിതയിലെ സംഭവങ്ങൾ കഥയുടെ രൂപത്തിൽ അവതരിപ്പിക്കുക. അവതരിപ്പിച്ച കഥ എഴുതുക.



## ഒറ്റപ്പദമാക്കാം

- കാളിന്ദിയിലെ ഓളങ്ങൾ
- മലരിന്റെ ചെണ്ടുകൾ



## ഞാൻ കഥയെഴുതിയപ്പോൾ

| | |
|---|---|
| കവിത കഥയാക്കി എഴുതി. | ☑ |
| കവിതയിലെ എല്ലാ സംഭവങ്ങളും ഉൾപ്പെടുത്തി. | ☐ |
| കണ്ണനെയും അമ്മയെയും കുറിച്ച് നന്നായി എഴുതി | ☐ |
| കഥയുടെ തുടക്കവും ഒടുക്കവും നന്നായി. | ☐ |
| കഥയ്ക്ക് പേരു നൽകി. | ☐ |
| കഥ കൂട്ടുകാർക്ക് ഇഷ്ടപ്പെട്ടു. | ☐ |
| തെറ്റുകൂടാതെ എഴുതി | ☐ |

# പൂമൊട്ട്

അൽബേനിയയിലെ ഒരു സാധാരണ കുടുംബത്തിലെ കുട്ടിയായിരുന്നു ആഗ്നസ്.

നല്ല ഭംഗിയുള്ള കൊച്ചു മിടുക്കി. ഹോംഗ്സ് എന്നായിരുന്നു അവളുടെ വിളിപ്പേര്. പൂമൊട്ട് എന്ന് അർത്ഥം.

അവളുടെ മൂത്ത സഹോദരൻ ലാസർ. ഏജ് എന്നായിരുന്നു ചേച്ചിയുടെ പേര്.

ലാസർ മധുരക്കൊതിയനായിരുന്നു. കേക്കും ജാമും ചോക്ലേറ്റുമായിരുന്നു അവന്റെ ഇഷ്ടഭക്ഷണം. അമ്മ വീട്ടിലില്ലാത്ത തക്കം നോക്കി ലാസറും ഏജും മധുരപലഹാരങ്ങൾ എടുത്തു തിന്നുമായിരുന്നു.



എന്നാൽ ഇളയവളായ ഹോംഗ്സ്
അവരുടെ കൂട്ടത്തിൽ ചേർന്നില്ല.

അമ്മയറിയാതെ ആഹാരം എടുത്തു
കഴിക്കുന്നതു ശരിയല്ല എന്നതായിരുന്നു
അവളുടെ പക്ഷം.

“ആരും കാണുന്നില്ലെന്നു കരുതി
ഒരിക്കലും തെറ്റു ചെയ്യരുത്.”
അമ്മയുടെ ഈ വാക്കുകൾ അവളുടെ
കാതിൽ മുഴങ്ങി.

ഒരു ദിവസം സഹപാഠികളെയും ചില
അധ്യാപകരെയും കളിയാക്കി
ചിരിക്കുകയായിരുന്നു ചേട്ടനും ചേച്ചിയും.
ഹോംഗ്സും അതിൽ കൂട്ടുചേർന്നു.
അടുത്ത മുറിയിലിരുന്ന് തുണിയിൽ ചിത്ര
ങ്ങൾ തുന്നിപ്പിടിപ്പിക്കുകയായിരുന്ന അമ്മ
അത് ശ്രദ്ധിച്ചു. പെട്ടെന്ന് വെളിച്ചം അണ
ഞ്ഞു. മുറിയിലാകെ ഇരുട്ടു പരന്നു. കുട്ടി
കൾ പരിഭ്രാന്തരായി. അവർ പുറത്തിറങ്ങി
നോക്കി.

തൊട്ടടുത്ത വീടുകളിലും തെരുവിലും നല്ല
വെളിച്ചം. കുട്ടികൾ അമ്മയുടെ മുറിയിൽ
ഓടിയെത്തി.

അവിടെയും വെളിച്ചമുണ്ട്.



അമ്മ ശാന്തമായി, ശ്രദ്ധാപൂർവം ജോലിചെയ്യുകയാണ്.

“അമ്മേ, ഞങ്ങളുടെ മുറിയിൽ മാത്രം വെളിച്ചമില്ല.” ഹോംഗ്സ് പരാതിപ്പെട്ടു.

“ഉണ്ടാവില്ല, നിങ്ങളുടെ മുറിയിൽ എന്തിനാണ് വെളിച്ചം?”

കുട്ടികൾക്ക് ഒന്നും മനസ്സിലായില്ല. അമ്മ തുടർന്നു:

“നിങ്ങൾ അവിടെ വലിയ ജോലിയൊന്നും ചെയ്യുന്നില്ലല്ലോ? കൂട്ടുകാരെയും ഗുരുനാഥരെയും പരിഹസിക്കുകയല്ലേ? മറ്റുള്ളവരെക്കുറിച്ച് കുറ്റം പറയുന്നവർ എപ്പോഴും ഇരുട്ടിലായിരിക്കും.”

കുട്ടികൾ പരസ്പരം നോക്കി. അവർക്ക് കാര്യം മനസ്സിലായി.

അമ്മ പറഞ്ഞുകൊടുത്ത നല്ല കാര്യങ്ങൾ കേട്ടു പഠിച്ച ഹോംഗ്സ് ആരാണെന്നറിയണ്ടേ? അഗതികളുടെ അമ്മ എന്ന് അറിയപ്പെട്ട ‘മദർ തെരേസ’.



## വായിക്കാം കണ്ടെത്താം


- പാഠഭാഗം വായിച്ചല്ലോ. ഇതിലെ കഥാപാത്രങ്ങൾ ആരെല്ലാം?
- ഹോംഗ്സ് എന്ന വിളിപ്പേരിന്റെ അർഥമെന്താണ്?
- ലാസറും ഏജും മധുരക്കൊതിയരാണെന്ന് എങ്ങനെ മനസ്സിലാക്കാം?
- അമ്മ കുഞ്ഞുങ്ങളുടെ മുറിയിലെ വിളക്കണച്ചത് എന്തുകൊണ്ടാണ്?



"വീട്ടുപടിക്കൽ വന്ന ആരെയും അവർ നിരാശപ്പെടുത്തിയിരുന്നില്ല. അവർക്ക് ആഹാരവും വസ്ത്രവും അഭയവും നൽകാൻ അവർ മറന്നിരുന്നുമില്ല. ആ നന്മ കണ്ടാണ് ഞങ്ങൾ വളർന്നത്. അവർ അയൽവീട്ടുകാരെ സ്നേഹിക്കാൻ ഞങ്ങളെ പഠിപ്പിച്ചു. അതുവഴി ദൈവത്തെ അറിയാൻ ഞങ്ങൾക്കു സാധിച്ചു.
എനിക്ക് നല്ലവഴി കാണിച്ചുതന്ന അമ്മയെ ഞാൻ എപ്പോഴും ഓർക്കുന്നു."

നോബൽ സമ്മാനം സ്വീകരിച്ചുകൊണ്ട് മദർതെരേസ നടത്തിയ പ്രസംഗത്തിൽ അമ്മയെ ഓർക്കുന്ന ഭാഗമാണിത്. നിങ്ങൾക്ക് ആരെക്കുറിച്ചാണ് ഇതുപോലെ ഓർത്തുപറയാനുള്ളത്? കൂട്ടുകാരുമായി പങ്കുവയ്ക്കൂ.

## എന്തെല്ലാം നന്മകൾ





## ആശയം കണ്ടെത്താം

"മറ്റുള്ളവരെക്കുറിച്ച് കുറ്റം മാത്രം പറയുന്നവർ എപ്പോഴും ഇരുട്ടിലായിരിക്കും."

ഈ വാക്കുകളിലെ ആശയം കൂട്ടുകാരുമായി ചർച്ചചെയ്ത് എഴുതുക.

## കണ്ടെത്തുക

മദർ തെരേസയുടെ ജീവിതത്തിലെ കൂടുതൽ സംഭവങ്ങൾ അന്വേഷിച്ച് കണ്ടെത്തുക.



## എന്റെ പദശേഖരത്തിലേക്ക്

അഗതികൾ - പാവപ്പെട്ടവർ (ഗതിയില്ലാത്തവർ)

സഹപാഠി - ☐

പരിഹസിക്കുക - ☐

അയൽപക്കം - ☐

.......................... - ☐



## ഞാൻ വായിച്ചപ്പോൾ

| | |
|---|---|
| വായിച്ച കാര്യങ്ങൾ എനിക്കു മനസ്സിലായി. | ☑ |
| ഉച്ചത്തിൽ ഒഴുക്കോടെ വായിച്ചു. | ☐ |
| ഞാൻ വായിച്ചത് കൂട്ടുകാർക്ക് മനസ്സിലായി. | ☐ |
| മൗനമായി വായിച്ച് ആശയം മനസ്സിലാക്കിയ ശേഷമാണ് ഞാൻ ഉച്ചത്തിൽ വായിച്ചത്. | ☐ |
| എന്റെ ഉച്ചാരണം നന്നായിരുന്നു. | ☐ |
| ആവശ്യമുള്ളിടത്ത് ശബ്ദവ്യത്യാസം വരുത്തി, നിർത്തേണ്ടിടത്ത് നിർത്തിയാണ് വായിച്ചത്. | ☐ |

2

# മാനത്തിന്റെ മടിത്തട്ടിൽ



നിങ്ങൾക്ക് ഏതെല്ലാം കിളികളുടെ പേരറിയാം?



# തുറന്നുവിട്ട തത്ത

ഞങ്ങളുടെ കിഴക്കേ പുരയിടത്തിലെ ഒരു കൊന്നത്തെങ്ങിൽ തത്ത കൂടൊരുക്കിയ വിവരം പിള്ളേരാരോ ആണ് വീട്ടിൽ വന്നു പറഞ്ഞത്. തത്തക്കൂടു കാണാൻ ഞങ്ങൾ കൂട്ടുകാർ എല്ലാവരുംകൂടി കൊന്നത്തെങ്ങിനെ ചുറ്റിപ്പറ്റി നടന്നു.


കൊന്നത്തെങ്ങിന്റെ ഇടതുഭാഗത്തൊരു തുള കണ്ടു. ഞങ്ങൾ തുളയിൽ കണ്ണുംനട്ട് കുറേനേരം നിന്നപ്പോൾ ചുണ്ടിലെന്തോ കൊത്തിപ്പിടിച്ചുകൊണ്ട് ഒരു തത്ത പറന്നുവന്നു. അത് തെങ്ങിൽ തത്തിപ്പൊത്തി ഇരുന്നു. പിന്നെ ചുറ്റുപാടും ഒന്നു തലതിരിച്ചു നോക്കി. ശീഘ്രം പുനത്തിനുള്ളിലേക്ക് ഇറങ്ങി അപ്രത്യക്ഷമായി. ആ പുനത്തിനുള്ളിൽ തത്തക്കുഞ്ഞ് കാണുമെന്ന് എല്ലാവരും ഉറപ്പിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ തള്ളത്തത്ത പുറത്തേക്കു പറക്കുകയും ചെയ്തു.

ഒരു തെങ്ങുകയറ്റക്കാരൻ  കൊന്നത്തെങ്ങിൽ കേറി തത്ത ക്കൂട്ടിൽ കൈയിട്ടപ്പോൾ, ഒരു തത്തക്കുഞ്ഞ് അതിലിരിക്കുന്നു.

ഞാൻ ഒരു ഇരുമ്പുകൂടു വാങ്ങി തത്തക്കുഞ്ഞിനെ അതിലിട്ട് പഴവും ചോറും വെള്ളവുമെല്ലാം കൊടുത്തു. പഴം കൊത്തിത്തിന്ന് തത്ത കൂട്ടിൽ ചാടിച്ചാടി നടന്നു. കൂട്ടിൽ കിടന്നു തത്തക്കുഞ്ഞ് ചിറകടിച്ചു ബഹളംവച്ചു.

ഞാൻ കൊച്ചുതിണ്ണയിൽ പതുങ്ങിനിന്നു. കഴുത്തിൽ ചുവന്ന വരയുള്ള ഒരു തത്ത എരുത്തിലിന്റെ മുകളിലിരുന്ന് ചുറ്റും നോക്കി ഉറക്കെ കരഞ്ഞു. കൂടിന്റെ മുകളിലിരുന്ന് ഒരു തത്ത കൂടിന്റെ കമ്പിവിടവുകൾക്കിടയിലൂടെ ചുണ്ടു കയറ്റി കുഞ്ഞിന്റെ വായിലേക്ക് എന്തോ  തിരുകി. എന്നിട്ട് അവ ഒന്നിച്ചു കരഞ്ഞുകൊണ്ട് പറന്നകന്നു. തത്തക്കുഞ്ഞിന്റെ അച്ഛനും അമ്മയും തീറ്റയുംകൊണ്ടു വന്നതാണെന്ന് അമ്മ എന്നോട് പറഞ്ഞു.

“നീ അതിനെ അങ്ങ് തുറന്നു വിട്ടേരെ” അമ്മ ഇടയ്ക്കിടെ പറയുന്നുണ്ടായിരുന്നു. എനിക്ക് തത്തക്കുഞ്ഞിനെ തുറന്നു വിടാൻ മനസ്സു വന്നില്ല. എനിക്കാ തത്തക്കുഞ്ഞിനെ അക്ഷരങ്ങളൊക്കെ പഠിപ്പിച്ച് മനുഷ്യരെപ്പോലെ സംസാരിപ്പിക്കാൻ മോഹമായിരുന്നു.



ഞാൻ സ്കൂളിൽനിന്ന് വരുന്ന വഴി ഒരു കൂട്ടുകാരന്റെ വീട്ടിൽനിന്ന് കുറച്ച് പനയോല വാങ്ങിക്കൊണ്ടു വന്നു. എന്നിട്ടത് തത്തക്കൂട്ടിൽ ഇട്ടുകൊടുത്തു. പനയോല കടിച്ചുകടിച്ച് തത്തയുടെ നാക്കിന്റെ കനം കുറയുമ്പോൾ തത്ത നമ്മെപ്പോലെ സംസാരിക്കുമത്രേ! കുറച്ചകലെ ഒരു വീട്ടിൽ സംസാരിക്കുന്ന ഒരു തത്തയുണ്ടെന്ന് റഷീദണ്ണനാണ് എനിക്കു പറഞ്ഞുതന്നത്. അന്നുതൊട്ടേ ഞങ്ങളുടെ തത്തയെക്കൊണ്ടു സംസാരിപ്പിക്കണമെന്ന് എനിക്കു വലിയ കൊതിയായിരുന്നു. ഞാൻ ഓരോരോ കാര്യങ്ങൾ തത്തക്കൂട്ടിനരികിൽ ചെന്നിരുന്ന് അതിനെ പഠിപ്പിക്കാൻ ശ്രമിച്ചു. പക്ഷേ, തത്ത ഒന്നും ഉരിയാടിയില്ല. പരുക്കൻ ശബ്ദത്തിൽ 'കീയോ കീയോ'ന്നു കരയുക മാത്രം ചെയ്തു. കൂടെക്കൂടെ തത്തക്കുഞ്ഞിന്റെ അച്ഛനും അമ്മയും കൂടിനു മുകളിൽ പറന്നിറങ്ങി തീറ്റ കൊടുത്തുപോന്നു.

ഒരു ദിവസം സ്കൂളിൽനിന്ന് വന്നപ്പോൾ തത്തക്കുഞ്ഞിനെ കൂട്ടിൽ കണ്ടില്ല. കൂട് തുറന്നു കിടക്കുന്നു! കൂട് കൊത്തിത്തുറന്ന് അച്ഛനും അമ്മയും തത്തക്കുഞ്ഞിനെ കൊണ്ടുപൊയ്ക്കളഞ്ഞുവെന്ന് അമ്മ പറഞ്ഞു.

എനിക്കതു കേട്ട് സങ്കടം സഹിക്കാൻ കഴിഞ്ഞില്ല. ഞാൻ നിന്നു ചിണുങ്ങി. അമ്മയതു ശ്രദ്ധിക്കാതെ അടുക്കളയിലേക്കു പോയി. തത്തയില്ലാതെ തത്തക്കൂട് എരുത്തിലിന്റെ ഉത്തരത്തിൽ കിടന്നാടി.

– സി. റഹിം





## പറയാം എഴുതാം

- കുട്ടിക്ക് തത്തയെക്കുറിച്ചുള്ള മോഹം എന്തായിരുന്നു?
- കൂട്ടിൽ കിടന്ന തത്തക്കുഞ്ഞ് ചിറകടിച്ചു ബഹളംവച്ചു – തത്തക്കുഞ്ഞിന്റെ വിഷമങ്ങൾ എന്തെല്ലാമായിരിക്കാം?
- "ഒരു ദിവസം സ്കൂളിൽനിന്ന് വന്നപ്പോൾ തത്തക്കുഞ്ഞിനെ കൂട്ടിൽ കണ്ടില്ല." അപ്പോൾ കുട്ടി അമ്മയോട് എന്തെല്ലാം ചോദിച്ചിരിക്കാം?



## ഊഹിച്ചെഴുതാം

- തത്തക്കുഞ്ഞ് എങ്ങനെയാവും കൂട്ടിൽനിന്ന് രക്ഷപ്പെട്ടത്?



## സംഭാഷണം

'അച്ഛനുമമ്മയും പുറത്തും തത്തക്കുഞ്ഞ് കൂട്ടിലും'– ഇവർ തമ്മിലുള്ള സംഭാഷണം എഴുതൂ.

അമ്മ : മോളേ, നീ എങ്ങനെ ഇവിടെ എത്തി?

കുഞ്ഞ് : ................................................

................................................

അച്ഛൻ : ................................................

................................................

................................................



## കൂടുകൾ വീടുകൾ

- മരപ്പൊത്ത് – തത്ത
- മാളം – പാമ്പ്
- 

ഇതുപോലെ മറ്റ് ഏതെല്ലാം ജീവികളുടെ താമസസ്ഥലം നിങ്ങൾക്ക് എഴുതാം?

## പക്ഷികൾ നമ്മുടെ കൂട്ടുകാർ

വീടിന്റെ പരിസരത്തിരുന്ന് കാക്ക കരഞ്ഞാൽ വിരുന്നുകാർ വരും എന്നു പറയാറുണ്ട്. ഇതുപോലെ പല പക്ഷികളെക്കുറിച്ചും വ്യത്യസ്തമായ സങ്കൽപ്പങ്ങളുണ്ട്. കണ്ടെത്തി എഴുതാമോ?

- ഉപ്പൻ
- മൈന
- 

## സമാനപദങ്ങൾ

കൂടെക്കൂടെ തത്തക്കുഞ്ഞിന്റെ അച്ഛനും അമ്മയും കൂടിനു മുകളിൽ പറന്നിറങ്ങി തീറ്റ കൊടുത്തുപോന്നു.

അടിവരയിട്ട പദം ശ്രദ്ധിക്കൂ. ഇതുപോലുള്ള ഏതെല്ലാം പദങ്ങൾ നിങ്ങൾക്കറിയാം? അവയുടെ പ്രത്യേകതകൾ പറയൂ.

## എന്റെ പദശേഖരത്തിലേക്ക്

പാഠഭാഗത്തുള്ള പുതിയ പദങ്ങൾക്ക് അർഥം കണ്ടെത്തുക.

| | | |
|---|---|---|
| പുനം | - | തുള, പൊത്ത് |
| എരുത്തിൽ | - | തൊഴുത്ത് |
| ..................... | - | |
| ..................... | - | |
| ..................... | - | |

## കഥയെഴുതാം

തത്തക്കുഞ്ഞ് തന്റെ കഥ പറഞ്ഞാലോ...

താഴെക്കൊടുത്ത സൂചനകളിൽനിന്ന് കഥ വികസിപ്പിക്കുക.

| | |
|---|---|
| കൊന്നത്തെങ്ങിലെ ആദ്യ നാളുകൾ | അച്ഛനും അമ്മയും |
| | |
| ഇരുമ്പിൻകൂട്ടിനുള്ളിൽ | പനയോല |
| | |
| വീണ്ടും തെങ്ങിലേക്ക് | |

# കുട്ടികളും പക്ഷികളും

ഉണ്ണി : "മഞ്ഞയുടുപ്പിൽ കരിയുമായാ
മന്ദാരച്ചില്ലയിലേതു പക്ഷി?"
അപ്പു : "മഞ്ഞക്കിളിയാണു, കാണുകിൽ നമ്മൾക്കു
മധുരം കിടച്ചീടുമെന്നു ഞായം"
ഉണ്ണി : "ഓണം കഴിഞ്ഞു, മധുരമുണ്ടോ
വേണമെന്നാലും നമുക്കു കിട്ടാൻ?
അപ്പു : "വേണമോ വേറേ മധുര, മിപ്പക്ഷിയെ-
ക്കാണുകിലുള്ളം മതിർക്കുമല്ലോ"
ഉണ്ണി : "അയ്യാ! രസമിതാ മെയ്യാകെ വെള്ളയായ്
കയ്യാലമേൽ രണ്ടരിപ്പിറാക്കൾ!
കാണുക മുറ്റത്തു വന്നു, കൊക്കും
കാൽകളും മയിലാഞ്ചി തേച്ചപോലെ!
നീങ്ങുന്നു കൊച്ചുകാൽ വച്ചു, കഴുത്തുകൾ
നീട്ടി,ക്കുറുക്കിയു,മെന്തു ചന്തം!"




അപ്പു: "പുത്തരിയുണ്ണുവാൻ പൂതിയോടേ-
യെത്തിയതാമീയരിപ്പിറാക്കൾ"

ഉണ്ണി: "നെല്ലരിയില്ലല്ലോ നമ്മൾക്കു റേഷനാ-
യുള്ളരിയിത്തിരി കൊണ്ടുനൽകാം.
കൊത്തിയിവറ്റയരിയെടുപ്പൂ
കോഴിക്കിടാങ്ങളെപ്പോലെതന്നെ!
ഏട്ടാ, നമുക്കു പിടിച്ചു വളർത്തിടാം
കൂട്ടായി നമ്മൾ,ക്കിണങ്ങുകില്ലേ?"

അപ്പു : സാഹസം ചെയ്യൊല്ല, പക്ഷികൾക്കു
സ്വാതന്ത്ര്യമല്ലയോ ജീവവായു?

**- വൈലോപ്പിള്ളി ശ്രീധരമേനോൻ**







## കണ്ടെത്താം ചൊല്ലാം

താഴെപ്പറയുന്ന ആശയങ്ങൾ ലഭിക്കുന്ന വരികൾ കണ്ടെത്തി ചൊല്ലാം.

- മഞ്ഞക്കിളിയെക്കണ്ടാൽ മധുരം തിന്നാം.
- കൃഷി കുറഞ്ഞുവരുന്ന അവസ്ഥ.
- പക്ഷിയെ പിടിച്ചു വളർത്താമെന്ന കുട്ടിയുടെ ആഗ്രഹം.

## പദങ്ങൾ കണ്ടെത്താം

താഴെപ്പറയുന്ന പദങ്ങൾക്കു പകരം കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ എഴുതാം.

| | |
|---|---|
| ന്യായം | |
| മനസ്സ് | |
| ശരീരം | |
| മധുരിക്കുക | |
| ആഗ്രഹം | |



## കണ്ടെത്താം എഴുതാം

മഞ്ഞയുടുപ്പിൽ കരിയുമായ് – മഞ്ഞക്കിളി


മെയ്യാകെ വെള്ളയായ് – ............................

കൂരിരുട്ടിന്റെ കിടാത്തി – ............................

മാരിവിൽ ചേലൊത്ത പക്ഷി – ............................

................................ – തത്ത

ചിത്രത്തിൽനിന്ന് കഥ കണ്ടെത്തിയെഴുതുക



## പക്ഷിച്ചൊല്ലുകൾ

- അരിയെറിഞ്ഞാൽ ആയിരം കാക്ക
- ......................................................................................
- ......................................................................................

## നമ്മുടെ പക്ഷികൾ

പട്ടിക പരിശോധിക്കുക. നൽകിയിട്ടുള്ള പക്ഷികളുടെ പേരുകളിലെ പ്രത്യേകതകൾ കണ്ടെത്തുക.

| | |
|---|---|
| അങ്ങാടിക്കുരുവി | അങ്ങാടിയിലും തെരുവിലും സാധാരണ കാണുന്നത് |
| ഓലേഞ്ഞാലി | ഓലത്തുമ്പത്ത് ആടിക്കളിക്കുന്ന പക്ഷി |
| മരംകൊത്തി | .................................................... |
| തൂക്കണാംകുരുവി | .................................................... |
| കത്രികപ്പക്ഷി | .................................................... |
| മലമുഴക്കി വേഴാമ്പൽ | .................................................... |
| കുളക്കോഴി | .................................................... |



## ചൊല്ലിരസിക്കാം

കൂട്ടരേ നോക്കുവി,നമ്പഴക്കൊമ്പത്തെ-
ക്കൂട്ടിലെ പൈങ്കിളി മുട്ടയിട്ടു.
എന്തുമെഴുമെഴു,പ്പെന്തുമുഴുമുഴു-
പ്പെന്തൊരു കൊച്ചു രസക്കുടുക്ക!
മുട്ടകളല്ലിവ,യാനന്ദപ്പാൽക്കടൽ-
മുത്തുകൾ തന്നെയാണെന്നു തോന്നും
അമ്മക്കിളിയുടെ കണ്ണും കരളുമാ-
ണിമ്മുട്ട,മുട്ടിയുടച്ചിടൊല്ലേ!



## നിറം കൊടുക്കാം

- ഇഷ്ടമുള്ള പക്ഷിയുടെ ചിത്രം വരച്ച് നിറം നൽകൂ.



### എന്റെ പ്രിയപ്പെട്ട പക്ഷി

എന്നും രാവിലെ മുറ്റത്തെ മാവിൻകൊമ്പിൽ എന്തിനാണ് നീ വരുന്നത്? എന്തു മധുരമാണ് നിന്റെ പാട്ട്! എത്ര നേരമായി പാടുന്നു! എന്തിനാണ് പാടുമ്പോൾ ഇങ്ങനെ വാലിട്ടിളക്കുന്നത്? നിനക്കാരാണ് വണ്ണാത്തിപ്പുള്ള് എന്ന് പേരിട്ടത്? എപ്പോഴും ഇങ്ങനെ വൃത്തിയായി നടക്കുന്നതുകൊണ്ടാണോ?

- ഇഷ്ടപ്പെട്ട പക്ഷിയോട് നിങ്ങൾക്കും ചില കാര്യങ്ങൾ ചോദിക്കാനില്ലേ? എഴുതിനോക്കൂ.

## അഭിനയിക്കാം

- "വിട്ടയയ്ക്കുക കൂട്ടിൽനിന്നെന്നെ ഞാ-
നൊട്ടു വാനിൽ പറന്നുനടക്കട്ടെ."

  - ഒരു കിളി നിങ്ങളോട് ഇങ്ങനെ പറഞ്ഞാൽ എന്തു മറുപടി നൽകും? കിളിയുമായുള്ള സംഭാഷണം എഴുതി അവതരിപ്പിക്കുക.

## ആൽബം നിർമിക്കാം

പക്ഷികളുടെ പേരെഴുതി അടിക്കുറിപ്പ് നൽകാം



മലമുഴക്കി
വേഴാമ്പൽ




........................
........................



........................
........................



........................
........................



........................
........................

## വിവരണം തയാറാക്കാം

നിങ്ങൾക്കു പരിചിതമായ ഒരു പക്ഷിയുടെ ചിത്രം വരച്ച് വിവരണം തയാറാക്കുക.



## ഞാൻ വിവരിച്ചപ്പോൾ

| | |
|---|---|
| കണ്ടറിഞ്ഞത് കൃത്യമായി എഴുതാൻ കഴിഞ്ഞു. | ☑ |
| വിശദാംശങ്ങൾ എല്ലാം എഴുതി. | ☐ |
| ഉചിതമായ പദങ്ങളും വാക്യങ്ങളും ഉപയോഗിച്ചു. | ☐ |
| കൂട്ടുകാർ എഴുതിയ വിവരണങ്ങൾ വായിച്ച് ചില മാറ്റങ്ങൾ വരുത്തി. | ☐ |

3

# എല്ലുമുറിയെ പണിചെയ്താൽ



മാരിമഴകൾ നനഞ്ഞേ – ചെറു
വയലുകളൊക്കെ നിറഞ്ഞേ,
പൂട്ടിയൊരുക്കിപ്പറഞ്ഞേ – ചെറു
ഞാറുകൾ കെട്ടിയെറിഞ്ഞേ
ഓമല, ചെന്തില, മാല – ചെറു
കണ്ണമ്മ, കാളി, കറുമ്പി
വന്നു നിരന്നവർ നിന്നേ – കെട്ടി
ഞാറെല്ലാം കെട്ടിപ്പകുത്തേ
ഒപ്പത്തിൽ നട്ടു കരേറാ – നവർ
കുത്തിയെടുത്തു കുനിഞ്ഞേ




# മണ്ണിലെ നിധി

വിളവു കുറഞ്ഞ വൃക്ഷങ്ങളെ നോക്കി അയാളിരുന്നു. ആവശ്യത്തിനു വെട്ടും കിളയും ഏറ്റില്ലെങ്കിൽ എങ്ങനെ ഫലസമൃദ്ധിയുണ്ടാവാൻ!

പ്രായം തളർത്തിയ ആ ശരീരത്തിന് നന്നായി ജോലി ചെയ്യാനുള്ള കഴിവില്ല.
അയാൾക്ക് മുതിർന്ന നാലു മക്കളുണ്ട്. നല്ല ആരോഗ്യമുള്ളവർ. കൃഷിയിൽ നിന്നുള്ള വരുമാനംകൊണ്ടുതന്നെയാണ് നാലുപേരെയും വളർത്തിയത്.

പക്ഷേ, അവർക്ക് കൃഷിയിലൊന്നും തീരെ താൽപര്യമുണ്ടായിരുന്നില്ല. വെറുതെ രസിച്ചു നടക്കണം. പ്രഭാതഭക്ഷണം കഴിഞ്ഞാൽ നാടു ചുറ്റാനിറങ്ങും. നിറയെ കൂട്ടുകാരുണ്ട്. എല്ലാവരുമായി കളിച്ചും ചിരിച്ചും സമയമങ്ങനെ പോക്കും. ഉച്ചയൂണിന്റെ നേരത്ത് തിരിച്ചെത്തും. പിന്നെയും പോകും.

തന്റെ കാലം കഴിഞ്ഞാൽ ഇവരെങ്ങനെ ജീവിക്കും? അയാൾ പലപ്പോഴും ആലോചിക്കാറുണ്ട്. ഒരുനാൾ ആ കർഷകൻ അസുഖം ബാധിച്ച് കിടപ്പിലായി.




മക്കൾ നാലുപേരും അടുത്തുണ്ട്. അയാൾ എല്ലാവരെയും നോക്കിപ്പറഞ്ഞു:

“മക്കളേ, എനിക്കിനി ഏറെ നാളില്ല. ഞാൻ മരിച്ചാൽപ്പിന്നെ നിങ്ങളെങ്ങനെ ജീവിക്കും? ഞാൻ പറഞ്ഞതൊന്നും നിങ്ങൾ കേട്ടില്ല. പറമ്പിൽ പണിയെടുക്കാൻ നിങ്ങൾക്ക് അറിയില്ല. അതുകൊണ്ട് ഞാൻ ഒരു കാര്യം ചെയ്തിട്ടുണ്ട്. നമ്മുടെ പറമ്പിൽ നിങ്ങൾക്കു വേണ്ടി ഒരു നിധി കുഴിച്ചിട്ടിട്ടുണ്ട്. എന്റെ മരണശേഷം നിങ്ങൾക്ക് അതെടുക്കാം. അത് വിറ്റു കിട്ടുന്ന പണംകൊണ്ട് സുഖമായി ജീവിക്കാം. അതുവരെ കഴിയാനുള്ളത് പത്തായത്തിലുണ്ട്. സൂക്ഷിച്ച് ചെലവാക്കണം.”

അച്ഛന് തങ്ങളോടുള്ള കരുതൽ ഓർത്ത് അവർ സന്തോഷിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം ആ കൃഷിക്കാരൻ മരിച്ചു. പത്തായത്തിലുള്ള നെല്ല് കുറഞ്ഞു വന്നപ്പോഴാണ് അച്ഛൻ പറഞ്ഞിരുന്ന കാര്യത്തെക്കുറിച്ച് അവർ ഓർമിച്ചത്. നിധി, അതു കുഴിച്ചെടുക്കണം.

നിധി എവിടെയാണ് കുഴിച്ചിട്ടിരിക്കുന്നത്? പറമ്പിലാണെന്നേ പറഞ്ഞുള്ളൂ. പറമ്പിൽ എവിടെ? ഏതായാലും കുഴിച്ചുനോക്കുകതന്നെ.

നാലുപേരും പറമ്പിന്റെ നാലു വശത്തുനിന്നും കുഴിച്ചു തുടങ്ങി.



ആർക്കായിരിക്കും നിധി കിട്ടുക?
എല്ലാ ദിവസവും രാവിലെ മുതൽ അവർ പറമ്പു കിളയ്ക്കാൻ തുടങ്ങും. നിധി കാണുന്നതേയില്ല.

ജോലി ചെയ്തു ശീലമില്ലാത്ത അവർ തളർന്നു. എന്നാലും ജോലി തുടർന്നു. നിധി കണ്ടുപിടിക്കണമല്ലോ. കൂട്ടുകാരെ വിളിച്ചു. പക്ഷേ, അവരാരും പറമ്പിൽ കയറാൻ തയാറായില്ല.
ഒടുവിൽ മക്കൾ തന്നെ പറമ്പു മുഴുവനും കുഴിച്ചു. എന്നിട്ടും നിധി കിട്ടിയില്ല. അവർക്കു വല്ലാത്ത നിരാശയും ദേഷ്യവും തോന്നി. ഇനി എന്തുചെയ്യും? വീടിന്റെ വരാന്തയിൽ ചെന്നിരുന്നു. അപ്പോൾ അച്ഛന്റെ ഒരു പഴയ സുഹൃത്ത് ആ വഴി വന്നു. കിളച്ചുമറിച്ചിട്ടിരിക്കുന്ന പറമ്പു കണ്ട ആ കൃഷിക്കാരൻ പറഞ്ഞു:

"കൊള്ളാം! മിടുക്കന്മാർ! പറമ്പൊക്കെ നന്നായി കിളച്ച് ഇളക്കിയിട്ടിരിക്കുകയല്ലേ. ഇനി ആവശ്യത്തിനുള്ള വളം ചേർത്താൽ ഈ വൃക്ഷങ്ങളൊക്കെ നന്നായി കായ്ക്കും. കുറച്ച് നെല്ലും വിതയ്ക്കാം. വിത്തും വളവും ഞാൻ തരാം."

ഏതായാലും ഇത്രയുമായില്ലേ. അതുകൂടി ചെയ്യാം. അയാൾ പറഞ്ഞതുപോലെ അവർ ചെയ്തു.

കുറച്ചുനാൾ കഴിഞ്ഞപ്പോൾ പറമ്പിലെ ഫലവൃക്ഷങ്ങളെല്ലാം നന്നായി കായ്ച്ചു. ഇടവിളയായി നല്ല നെല്ലും കിട്ടി. ഇതുവരെ ആ പറമ്പിൽനിന്ന് അത്രയും വരുമാനം ഉണ്ടായിട്ടില്ല. അവർ ഉറപ്പിച്ചു. അച്ഛൻ പറഞ്ഞ നിധി ഇതുതന്നെ.



## ഉത്തരം കണ്ടെത്തുക

- കർഷകന്റെ മക്കളുടെ സ്വഭാവം എങ്ങനെയുള്ളതായിരുന്നു?
- കർഷകന്റെ പറമ്പിൽ വിളവു കുറയാൻ കാരണമെന്ത്?
- മക്കൾ നിധി കുഴിച്ചെടുക്കാൻ തീരുമാനിച്ചതെപ്പോൾ?
- അവർ ഒടുവിൽ കണ്ടെത്തിയ നിധി എന്തായിരുന്നു?

## കണ്ടെത്തിയെഴുതുക

കർഷകന്റെയും മക്കളുടെയും സ്വഭാവസവിശേഷതകൾ എഴുതുക.

| കർഷകൻ | മക്കൾ |
|---|---|
| • അധ്വാനശീലൻ | • അലസർ |
| • | • |
| • | • |
| • | • |

## പിരിച്ചെഴുതാം

- നിങ്ങൾ, എങ്ങനെ എന്നീ പദങ്ങൾ ചേർത്ത് 'നിങ്ങളെങ്ങനെ' എന്നാക്കിയിരിക്കുന്നു. ഇതുപോലുള്ള പദങ്ങൾ പാഠഭാഗത്തുനിന്ന് കണ്ടെത്തി പിരിച്ചെഴുതൂ.

## ആശയം എഴുതാം

വാക്യം പൂർത്തിയാക്കി ആശയം വിശദീകരിക്കുക.

- എല്ലുമുറിയെ പണി ചെയ്താൽ ...............................

## കഥ പറയാം

കർഷകൻ നിധിയെക്കുറിച്ച് മക്കളോട് പറഞ്ഞിരുന്നില്ലെങ്കിൽ എന്തായിരിക്കാം സംഭവിക്കുക? കഥ വികസിപ്പിച്ച് ക്ലാസിൽ അവതരിപ്പിക്കുക.

## പഴഞ്ചൊല്ലു പൂർത്തിയാക്കുക

- സമ്പത്തുകാലത്ത് തൈപത്തു വച്ചാൽ


  .................................................................

- വിത്താഴം ചെന്നാൽ

  .................................................................


- വേണമെങ്കിൽ ചക്ക

  .................................................................



## പദശേഖരം

- കൃഷിയുമായി ബന്ധപ്പെട്ട പദങ്ങൾ ശേഖരിക്കാം.






## ഞാൻ കഥ പറഞ്ഞപ്പോൾ

| | |
|---|---|
| • കഥ നന്നായി പറഞ്ഞു | ☐ |
| • കഥാപാത്രങ്ങളുടെ സ്വഭാവം വ്യക്തമാകുന്ന രീതിയിൽ പറഞ്ഞു. | ☐ |
| • മറ്റുള്ളവർ ശ്രദ്ധിക്കുന്ന തരത്തിൽ കഥ പറഞ്ഞു. | ☐ |
| • ഉച്ചാരണശുദ്ധിയോടെ, ഒഴുക്കോടെ കഥ പറഞ്ഞു. | ☐ |

# എന്റെ തോട്ടം

തീപ്പിടിച്ചപോലുള്ള വെയിലിൽ
വേർപ്പൊഴുക്കി ഞാൻ വിത്തു വിതച്ചാൽ
വാനത്തിന്റെ വലിയ വയലിൽ
വാർമുകിലതു കാണുവാനെത്തും
വേനൽച്ചൂടിനന്നെന്റെ പറമ്പിൽ
നൂണുകേറാൻ കഴിഞ്ഞില്ല തെല്ലും
വാഴകളുടെ സമ്മതം വേണം
വായുവിന്നും വളപ്പിൽ കടക്കാൻ
പത്തുകൊട്ട വളത്തിനതിന്റെ
പത്തിരട്ടി ഫലങ്ങളുമായി
മത്തകുമ്പളമെന്നിവയെല്ലാം
ഒത്തതായെന്റെ കായ്കറിത്തോട്ടം
മൺകുടവുമായ് തോട്ടത്തിലെത്താൻ
എൻ കുടുംബിനി ചെറ്റു വൈകിച്ചാൽ
പൊൻകുറിയിട്ട വെള്ളരിവള്ളി
സങ്കടത്താൽ തലതാഴ്ത്തി നിൽക്കും.

– എ.വി. ശ്രീകണ്ഠപ്പൊതുവാൾ

## ആശയം കണ്ടെത്താം

- വിത്തുവിതയ്ക്കുന്നത് കാണുവാനെത്തുന്നത് ആര്? എവിടെ?
- തോട്ടത്തിൽ കയറാൻ ആരുടെ സമ്മതമാണ് വേണ്ടത്? ആർക്കൊക്കെ?
- കായ്കറിത്തോട്ടത്തിൽ എന്തൊക്കെ വിളകളാണുള്ളത്?
- എപ്പോഴാണ് വെള്ളരിവള്ളി സങ്കടത്താൽ തല താഴ്ത്തുന്നത്?



## താളത്തിൽ ചൊല്ലാം

'എന്റെ തോട്ടം' എന്ന കവിതയ്ക്ക് ഉചിതമായ താളം കണ്ടെത്തി ഒറ്റയ്ക്കും സംഘമായും പാടി അവതരിപ്പിക്കുക.



## വായിക്കാം കണ്ടെത്താം

താഴെപ്പറയുന്ന ആശയങ്ങൾ സൂചിപ്പിക്കുന്ന വരികൾ ഏവ?

- കൊടുംചൂട്
- വിളകൾ നിറഞ്ഞ തോട്ടം
- തോട്ടം നനയ്ക്കൽ

## കൂടുതൽ പദങ്ങൾ

കൃഷിസ്ഥലവുമായി ബന്ധപ്പെട്ട നിരവധി പദങ്ങൾ ഈ കവിതയിലുണ്ട്. കണ്ടെത്തിയെഴുതുക.

ഉദാ: തോട്ടം

## വിവരണം തയാറാക്കുക

നിങ്ങളുടെ വിദ്യാലയത്തിൽ ഒരു പച്ചക്കറിത്തോട്ടം നിർമിക്കുന്നുവെന്നിരിക്കട്ടെ. എന്തൊക്കെ മുന്നൊരുക്കങ്ങൾ നടത്തണം? ചെറു വാക്യങ്ങളിൽ എഴുതുക.

## ചൊല്ലാം രസിക്കാം

താതിനന്തം... താതിനന്തം... താതിനന്തം തെയ്യത്താര
താതിനന്തം... താതിനന്തം... താതിനന്തം തെയ്യത്താര
അരികറുക ചെറുകറുക ജീരക ചെമ്പാവ്
വിത്തെല്ലാം വാരി പാകണ് (താതിനന്തം...)
തള്ളഞാറ് നിൽക്കേ പിള്ളഞാറ് പറിക്കണ്
പറിക്കുന്നേ ഞാറ് പറിക്കുന്നേ
പിടിഞാറെല്ലാം കെട്ടി എറിയണ് (താതിനന്തം...)




- ഇതുപോലെ കൃഷിയുമായി ബന്ധപ്പെട്ട നാടൻപാട്ടുകൾ ശേഖരിച്ച് സംഘമായി  അവതരിപ്പിക്കൂ.

## പദശേഖരത്തിലേക്ക്

| | | |
|---|---|---|
| വാർമുകിൽ | - | കാർമേഘം |
| കുടുംബിനി | - | |
| വേർപ്പ് | - | |
| വളപ്പ് | - | |

# 4

# നിറമുള്ള നന്മകൾ





കൂട്ടുകാരിയുടെ

പിറന്നാളിന്

ഒരു ആശംസാകാർഡ്

തയാറാക്കുക.

നിറം നൽകി ഭംഗിയാക്കൂ.

# മഞ്ഞപ്പാവാട

“മോളേ, വന്ന് ഊണ് കഴിക്ക്”

അമ്മ കെഞ്ചിപ്പറഞ്ഞു.

“എനിക്ക് മഞ്ഞപ്പാവാട വേണം”

അവൾ വാശിപിടിച്ചു.

“വാങ്ങിത്തരാം. ഇപ്പോ ഊണ് കഴിക്ക്”.

അമ്മ അവളെ സമാധാനിപ്പിച്ചു.

“എന്റെ പൊന്നുമോൾക്ക് അച്ഛൻ വാങ്ങിത്തരാം”





അച്ഛനും പറഞ്ഞുനോക്കി.

“എനിക്ക് പാവാട നാളെത്തന്നെ വേണം. തരുമോ?”

അവൾ കരച്ചിലിന്റെ ശക്തി കുറച്ചു.

അച്ഛൻ അമ്മയുടെ മുഖത്ത് ദയനീയമായി നോക്കി.

“വാങ്ങിത്തരാം മോളേ, അച്ഛന്റടുത്ത് കാശുണ്ടാവട്ടെ.....”

അച്ഛന്റെ ശബ്ദം അല്പമിടറി.

അവളെ ചേർത്തുനിർത്തി നെറുകയിൽ തലോടിയപ്പോൾ അമ്മയുടെ കണ്ണു നനഞ്ഞു.

“നാളെ മോളുടെ പിറന്നാളല്ലേ. വന്ന് ഊണ് കഴിക്ക്. പിറന്നാൾത്തലേന്ന് വയറുവിശന്ന് കിടക്കരുത്.”

അമ്മ വീണ്ടും പറഞ്ഞു.

“പിറന്നാളിന് എനിക്ക് മഞ്ഞപ്പാവാടയിടണം. പാവാടയില്ലെങ്കിൽ പിറന്നാളും വേണ്ട.”

അവൾ മുഖം വീർപ്പിച്ചു.

അമ്മ അച്ഛനെ നോക്കി. ആ നോട്ടം നേരിടാനാവാതെ

അച്ഛൻ മുഖം തിരിച്ചു.

അവൾ അത് കണ്ടു.


"മോള് വാ. നാളെത്തന്നെ മോൾക്ക് പാവാട തരാം. മഞ്ഞപ്പാവാട ഇട്ടോണ്ടുതന്നെ മോൾക്ക് പിറന്നാളുകാരിയാവാം."

തീരുമാനമെടുത്തപോലെ അമ്മ പറഞ്ഞു.

"സത്യായിട്ടും തരോ?"

അവൾ തലയുയർത്തി നോക്കി.

"ങും"



അമ്മയുടെ മൂളലിൽ സംശയം തെല്ലുപോലും ഉണ്ടായില്ല. അവളുടെ മുഖം തെളിഞ്ഞു. മുഖം തുടച്ച് അവൾ അടുക്കളയിലേക്കോടി. അവിടെ അമ്മ പിഞ്ഞാണത്തിൽ വിളമ്പിവെച്ച ചോറ് സ്വാദോടെ അകത്താക്കി.

അച്ഛനും അമ്മയും അത് നോക്കിനിന്നു.

ആ കാഴ്ച അവരെ ഏറെ സന്തോഷിപ്പിക്കാറുള്ളതാണ്. എന്നാൽ, ഇന്നെന്തോ അത് കണ്ടിട്ടും അവർക്ക് ഭാവമാറ്റം ഉണ്ടായില്ല.

കയറ്റുകട്ടിലിൽ കുറേനേരം കിടന്നിട്ടും അവൾക്ക് ഉറക്കം വന്നില്ല. കണ്ണടച്ചാലും തുറന്നാലും മുന്നിൽ പുത്തൻ മഞ്ഞപ്പാവാട മാത്രം. ഒരുപാട് കൊതിച്ച പാവാട തനിക്ക് കിട്ടാൻ പോകുന്നു!

മഞ്ഞപ്പാവാടയുമിട്ട് ഗമയിൽ വിലസുന്നത് മനസ്സിൽക്കണ്ട് അവൾ കണ്ണടച്ചുകിടന്നു.

അച്ഛനും അമ്മയും ഉറങ്ങിയിട്ടില്ല. അവരെന്തോ പതിഞ്ഞ സ്വരത്തിൽ സംസാരിക്കുന്നുണ്ട്. അവൾ കാതോർത്തു.


തന്റെ മഞ്ഞപ്പാവാടയെക്കുറിച്ച് തന്നെയാണ് അവരും പറയുന്നത്. പാവാട വാങ്ങാൻ പണമില്ലാത്തതിലാണ് അച്ഛന്റെ വിഷമം.

“നീയെന്തിനാ മോൾക്ക് വെറുതെ ആശ കൊടുത്തേ?”

അച്ഛൻ ചോദിച്ചു.

“മോളുടെ വിഷമം കാണാൻ വയ്യാത്തോണ്ടാ”

അമ്മയുടെ ശബ്ദം പതറി.




“ഇനി നാളെ അവളോടെന്തു പറയും?”

അച്ഛൻ ചോദിച്ചു.

ഒന്നും പറയാതെ അമ്മ എഴുന്നേറ്റു. ജനൽപ്പടിയിൽനിന്ന് മൺകുടുക്കയെടുത്തു.

അമ്മയ്ക്ക് കിട്ടുന്ന ചില്ലറപ്പൈസ ഇട്ടുവച്ചിരുന്ന മൺകുടുക്ക.



“എന്തിനാമ്മേ ഈ പൈസയൊക്കെ?”

അവൾ ചോദിക്കാറുണ്ട്.

“അതോ? മോൾക്കൊരനിയനുണ്ടാവുമ്പോ അരഞ്ഞാണം വാങ്ങാനാ.”

അമ്മയുടെ മറുപടി ഇതാവും.

“നീ എന്തുചെയ്യാൻ പോവ്വാ?”

അച്ഛന് ഒന്നും മനസ്സിലായില്ല.

“വേണ്ട, മോളെ വിഷമിപ്പിക്കണ്ട. മോൾക്ക് പാവാടയ്ക്കുള്ള പൈസ ഇതിലുണ്ടാവും.”

അമ്മ കുടുക്ക നിലത്തുടയ്ക്കാനായി ഉയർത്തി.

അവൾക്ക് സഹിക്കാവുന്നതിലപ്പുറമായിരുന്നു അത്. അവൾ ചാടിയെഴുന്നേറ്റ് അമ്മയുടെ കൈത്തണ്ടയിൽപ്പിടിച്ച് പൊട്ടിക്കരഞ്ഞു.

**– ഡോ. കെ. ശ്രീകുമാർ**

## പറയാം എഴുതാം

- കുഞ്ഞ് സ്വാദോടെ ഭക്ഷണം കഴിക്കുന്നതു കണ്ടിട്ടും അച്ഛനും അമ്മയ്ക്കും സന്തോഷം തോന്നിയില്ല. കാരണമെന്ത്?
- അമ്മയുടെ കൈത്തണ്ടയിൽ പിടിച്ച് പൊട്ടിക്കരഞ്ഞുകൊണ്ട് കുട്ടി എന്തായിരിക്കും പറഞ്ഞത്?

## എന്തെല്ലാം സ്വപ്നങ്ങൾ


കഥയിലെ കുട്ടിക്ക് ഒരു പേരു നൽകാമോ? കുഞ്ഞനുജനെക്കുറിച്ച് അവൾ എന്തെല്ലാം സ്വപ്നങ്ങളായിരിക്കും കണ്ടിരിക്കുക? എഴുതി നോക്കൂ.



## നിറമുള്ള വാക്കുകൾ

മഞ്ഞനിറമുള്ള പാവാടയാണ് മഞ്ഞപ്പാവാട. ഇതുപോലെ നിറം ചേർന്നു വരുന്ന എത്ര വാക്കുകൾ എഴുതാം?

- വെള്ളക്കൊക്ക്
- നീലത്താമര
-
-
-



## പൂർത്തിയാക്കാം

| | | |
|---|---|---|
| അച്ഛൻ | : | നീയെന്തിനാ മോൾക്ക് ആശ കൊടുത്തത്? |
| അമ്മ | : | മോളുടെ വിഷമം കാണാൻ വയ്യാത്തോണ്ടാ. |
| അച്ഛൻ | : | ഇനി നാളെ അവളോടെന്തു പറയും? |
| അമ്മ | : | ..................................................................... ..................................................................... |
| അച്ഛൻ | : | ..................................................................... ..................................................................... |



## കണ്ടെത്തി എഴുതൂ

"അവൾക്ക് സഹിക്കാവുന്നതിലുമപ്പുറമായിരുന്നു അത്."

'മഞ്ഞപ്പാവാട'യിലെ പെൺകുട്ടിക്കുണ്ടായ വിഷമമാണ് ഈ വാക്യത്തിലൂടെ സൂചിപ്പിച്ചത്.

"എനിക്ക് സങ്കൽപ്പിക്കാവുന്നതിലപ്പുറമായിരുന്നു അവിടെനിന്നും കിട്ടിയ സമ്മാനങ്ങൾ."

ഇതുപോലുള്ള വാക്യങ്ങൾ വരുന്ന സന്ദർഭങ്ങൾ കണ്ടെത്തി എഴുതുക.



### സങ്കല്പിച്ച് എഴുതുക

ഈ കുട്ടി നിങ്ങളുടെ ക്ലാസിലെ ഒരാളായിരുന്നുവെങ്കിൽ പിറന്നാളിന് എന്തെല്ലാമായിരിക്കും നിങ്ങൾ ഒരുക്കുക?

- പിറന്നാൾമരം നടാം
- ..........................................................................................
- ..........................................................................................
- ..........................................................................................

അവൾക്ക് ആശംസ നേർന്നുകൊണ്ട് കത്തു തയാറാക്കുക.


### വീണ്ടും വായിക്കാം

കഥയിൽ നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട സന്ദർഭം ഏതെന്നു കണ്ടെത്തി പറയുക.

### പദശേഖരം

> ഞാൻ കൂട്ടുകാരിയുടെ <u>വീട്ടിൽ</u> പോയി. <u>സന്തോഷം</u> കൊണ്ട് അവളുടെ ഹൃദയം തുടിച്ചു. വെറുതെ പുറത്തിറങ്ങി ചുറ്റിനടന്നപ്പോൾ ഞങ്ങളുടെ <u>കാല്</u> കഴച്ചു. ഞങ്ങൾ <u>ഒന്നിച്ചു പഠിക്കുന്നവരായിരുന്നു.</u> <u>അടുത്തടുത്ത വീടുകളിലാണ്</u> ഞങ്ങൾ താമസിക്കുന്നത്.

- നിങ്ങളുടെ പദശേഖരത്തിലുള്ള ചില വാക്കുകളാണ് അടിവരയിട്ടിരിക്കുന്നത്. സമാനമായ പദങ്ങൾ കണ്ടെത്താമോ?





### കണ്ടെത്താം എഴുതാം

ഇവിടെ ഒളിഞ്ഞിരിക്കുന്ന സംഭവങ്ങൾ കണ്ടെത്തി ക്രമപ്പെടുത്തി എഴുതുക.

അമ്മ / വച്ചിട്ടുണ്ട് / പായസവും

നീട്ടി / സമ്മാനപ്പൊതി / അവർ

ചിത്രകഥാപുസ്തകം / ഒരു / മനോഹരമായ

എല്ലാവരും / വന്നു / കൂട്ടുകാർ

അജിതയുടെ / ഇന്ന് / ജന്മദിനമാണ്

പിറന്നാൾ / നല്ല / സമ്മാനം



### എന്റെ പദശേഖരത്തെക്കുറിച്ച്

| | |
|---|---|
| പാഠഭാഗങ്ങളിൽനിന്ന് പുതിയ പദങ്ങൾ ശേഖരിച്ചിട്ടുണ്ട്. | ☐ |
| പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ എന്നിവയിൽനിന്ന് പദങ്ങൾ ശേഖരിച്ചിട്ടുണ്ട്. | ☐ |
| ശേഖരിച്ച പദങ്ങൾ പുതിയ സന്ദർഭത്തിൽ പ്രയോഗിക്കാൻ കഴിയുന്നുണ്ട്. | ☐ |





# നക്ഷത്രവും പൂവും

നക്ഷത്രമൊന്നിനെക്കാട്ടി – വാനം
മുക്കുറ്റിയോടു ചോദിച്ചു.
ഉണ്ടോ ഒരെണ്ണമിവ്വണ്ണം – നിന
ക്കെന്നോടു മത്സരം കൂടാൻ
താണുപോയല്ലോ ശിരസ്സ്–ചെടി
യ്ക്കീറനായല്ലോമിഴികൾ
ഇല്ലായ്മ സമ്മതിക്കുമ്പോൾ – വേറെ
വല്ലായ്മയെന്തുള്ളൂ പാരിൽ
അന്നേരമുണ്ടാശിരസ്സിൽ – ഒരു
കുഞ്ഞുപൂവിന്റെ വിരിയൽ
രത്നം പതിച്ചതുപോലെ – അതിൻ
കാന്തിയെങ്ങും ചിതറുന്നു.
കണ്ണഞ്ചുമാറായി വ്യോമം – മണ്ണിൽ
ഇത്രയുണ്ടാവുമോ ചന്തം.
നക്ഷത്രമെത്ര നിസ്സാരം – ഇതാ
ഭൂമിയിലെ പൊന്നുതാരം
അത്രയും താഴ്മയിൽനിന്നേ – വരൂ
ഇത്രയ്ക്കഴകു പൂവിന്നും.

– വീരാൻകുട്ടി

## കണ്ടെത്തി എഴുതാം

- ചെടിയുടെ മിഴികൾ ഈറനായത് എപ്പോഴാണ്?
- "കണ്ണഞ്ചുമാറായി വ്യോമം" - എന്തുകൊണ്ട്?
- കുനിഞ്ഞ ശിരസ്സുമായി മുക്കുറ്റി എന്തൊക്കെ ചിന്തിച്ചിട്ടുണ്ടാവും?

## പകരം പദങ്ങൾ കണ്ടെത്താം

താഴെ പറയുന്ന പദങ്ങൾക്ക് പകരമായി കവിതയിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ കണ്ടെത്തുക.

ആകാശം - .........................

കണ്ണ് - .........................

ഭംഗി - .........................

നക്ഷത്രം - .........................

പൂവ് - .........................

## മാറ്റിയെഴുതാം

താണുപോയല്ലോ ശിരസ്സ് - ശിരസ്സ് താണുപോയി

ഈറനായല്ലോ മിഴികൾ - ........................

........................ - കണ്ണഞ്ചി





## സംഭാഷണമെഴുതാം

ആകാശം : നിനക്കെന്നോട് മത്സരിക്കാമോ?

മുക്കുറ്റി : അയ്യോ! അങ്ങയോട് മത്സരിക്കാൻ ഞാനില്ല.

ആകാശം : ........................................................................

മുക്കുറ്റി : ........................................................................

## ആകാശത്തിലെ കാഴ്ചകൾ എഴുതാം

"ഉണ്ടോ ഒരെണ്ണമിവ്വണ്ണം – നിന
ക്കെന്നോടു മത്സരം കൂടാൻ"

വാനം നക്ഷത്രത്തെ ചൂണ്ടി മുക്കുറ്റിയോട് ചോദിച്ചത് കേട്ടില്ലേ? ആകാശത്ത് ഭംഗിയുള്ള മറ്റെന്തൊക്കെ കാഴ്ചകളുണ്ട്?






## ഈണത്തിൽ ചൊല്ലുക

നക്ഷത്രവും പൂവും എന്ന കവിത ഈണത്തിൽ ചൊല്ലി അവതരിപ്പിക്കുക.




## ഭൂമിയിലെ കാഴ്ചകൾ - ഭംഗി കണ്ടെത്താം




ചന്തമുള്ള എന്തൊക്കെ കാഴ്ചകൾ ചുറ്റുപാടിൽനിന്ന് കണ്ടെത്താം.

ഇവയിൽ ഏതെങ്കിലും ഒന്നിന്റെ ഭംഗി വിവരിച്ചുകൊണ്ട് ചെറുവിവരണം തയാറാക്കുക.

## നിറം കൊടുത്ത് തലക്കെട്ട് നൽകാം



## പദശേഖരം

താഴ്മ –

പാര് –

വ്യോമം –

ഈറൻ –

## ആശയം കണ്ടെത്താം എഴുതാം

- "ഇല്ലായ്മ സമ്മതിക്കുമ്പോൾ – വേറെ
  വല്ലായ്മയെന്തുള്ളൂ പാരിൽ"
- അത്രയും താഴ്മയിൽനിന്നേ – വരൂ
  ഇത്രയ്ക്കഴകു പൂവിന്നും.

## ഈണത്തിൽ താളത്തിൽ ചൊല്ലാം

- ഓമനത്തിങ്കൾക്കിടാവോ നല്ല
  കോമളത്താമരപ്പൂവോ
  പൂവിൽ നിറഞ്ഞ മധുവോ പരി
  പൂർണേന്ദു തന്റെ നിലാവോ.
- ഈ വല്ലിയിൽ നിന്നു ചെമ്മേ– പൂക്കൾ
  പോകുന്നിതാ പറന്നമ്മേ
  തെറ്റീ നിനക്കുണ്ണീ ചൊല്ലാം– നൽ
  പൂമ്പാറ്റകളല്ലേ ഇതെല്ലാം.

# 5
# വഴിവിളക്ക്

ലോകമേ തറവാട് തനിക്കീ, ച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ.

ലോകമെന്ന തറവാട്ടിൽ നമുക്ക് കുടുംബക്കാരായി മറ്റാരെല്ലാമുണ്ട്?





# സ്നേഹം

ഇവിടെ സ്നേഹിച്ചതാദ്യമായ് ആരെ ഞാൻ?
മിഴികളിൽ ചുണ്ടുചേർത്തൊരെന്നമ്മയെ
കവിതചൊല്ലിപ്പഠിപ്പിച്ചൊരച്ഛനെ
വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
ഇവിടെ സ്നേഹിച്ചതാദ്യമായ് എന്തിനെ?
ചുവടുതാങ്ങിത്തുണച്ചൊരീ മണ്ണിനെ
പിറവിയോടൊത്തു കണ്ട നഭസ്സിനെ
മധുരമൂറും മനുഷ്യവചസ്സിനെ
കിളികൾ വാഴ്ത്തുന്ന മുഗ്ധരാഗത്തിനെ
കുളിരുചൂടുന്ന സുപ്രഭാതത്തിനെ
ഹൃദയരാഗം ചുവപ്പിച്ച സന്ധ്യയെ
ഇരുളു നീക്കുന്ന സൗവർണസൂര്യനെ
അഴകിൽ മുങ്ങിയോരിന്ദ്രധനുസ്സിനെ
അലിവുകാട്ടുന്ന കാർമേഘപാളിയെ
നിഴൽ നിരത്തുന്ന നിശ്ശബ്ദരാത്രിയെ
അഴലകറ്റുവാനെത്തും പകലിനെ

**– കിളിമാനൂർ രമാകാന്തൻ**



| | | |
|---|---|---|
| നഭസ്സ് | – | ആകാശം |
| വചസ്സ് | – | വാക്ക് |
| ഇന്ദ്രധനുസ്സ് | – | മഴവില്ല് |
| അഴൽ | – | ദുഃഖം |

## കണ്ടെത്താം പറയാം

- അമ്മ, അച്ഛൻ, ഗുരുനാഥൻ എന്നിവരെങ്ങനെയാണ് കുട്ടിയെ വളർത്തിയത്?
- പ്രകൃതിയിലെ ഏതൊക്കെ അനുഭവങ്ങളെയാണ് കുട്ടി സ്നേഹിച്ചത്?
- നടക്കാൻ പഠിപ്പിച്ചത് ഭൂമിയാണ് എന്നു സൂചിപ്പിക്കുന്ന വരി ഏത്?

## കൂട്ടിച്ചേർക്കാം

ഉദാ:– കുളിരു ചൂടുന്നു – സുപ്രഭാതം

| | | |
|---|---|---|
| ............................................... | – | മുഗ്ധരാഗം |
| സന്ധ്യയെ ചുവപ്പിക്കുന്നു | – | ............................................... |
| ............................................... | – | സൗവർണസൂര്യൻ |
| അഴകിൽ മുങ്ങുന്നു | – | ............................................... |
| ............................................... | – | കാർമേഘം |
| ............................................... | – | ............................................... |

ഇത്തരം പ്രയോഗങ്ങളുടെ ഭംഗി ചർച്ച ചെയ്യൂ.

## ആശയം എഴുതാം

- അലിവുകാട്ടുന്ന കാർമേഘപാളിയെ
- വഴിയൊരുക്കുവാൻ വന്ന ഗുരുവിനെ
- മധുരമൂറും മനുഷ്യവചസ്സിനെ

## ചൊല്ലി രസിക്കാം

“അഴകിൽ മുങ്ങിയോരിന്ദ്രധനുസ്സിനെ
അലിവുകാട്ടുന്ന കാർമേഘപാളിയെ
നിഴൽ നിരത്തുന്ന നിശ്ശബ്ദരാത്രിയെ
അഴലകറ്റുവാനെത്തും പകലിനെ”

## ഈണം കണ്ടെത്തുക

- സ്നേഹം എന്ന കവിതയ്ക്ക് വ്യത്യസ്ത ഈണങ്ങൾ കണ്ടെത്തി സംഘമായി അവതരിപ്പിക്കുക.

## പദശേഖരം

- പാഠത്തിൽനിന്ന് പുതിയതായി പഠിച്ച പദങ്ങൾ പദശേഖരത്തിൽ ചേർക്കുക.

രാഗം – .......................... – ..........................

മാനം – .......................... – ..........................

## ചൊല്ലാം എഴുതാം

പന്തളം കേരളവർമയുടെ ‘ഒത്തൊരുമ’ എന്ന കവിതയിലെ ചില വരികൾ കാണുക. വിട്ടുപോയ സ്ഥലങ്ങളിൽ ഉചിതമായ പദങ്ങൾ ചേർത്ത് താളത്തിൽ ചൊല്ലൂ. മറ്റു ജോലികളുമായി ബന്ധിപ്പിച്ച് കൂടുതൽ വരികൾ എഴുതൂ.

പുല്ലുമെടഞ്ഞാൽ പായുണ്ടാകും
കല്ലുപണിഞ്ഞാൽ കെട്ടിടമുണ്ടാം
പഞ്ഞികൾ നൂൽത്താൽ നൂലുണ്ടാകും
നൂലുകൾ നെയ്താൽ മുണ്ടായീടും
ചകിരിപിരിച്ചാൽ ....................................
........................ കൊരുത്താൽ മാലയുമുളവാം
മണ്ണുമെനഞ്ഞാൽ കലമുണ്ടാകും
തുണികളിണച്ചാൽ ..................................
.................................................................
.................................................................
.................................................................
.................................................................



## ഞാൻ കവിത ചൊല്ലിയപ്പോൾ

| | |
|---|---|
| വ്യത്യസ്ത ഈണത്തിൽ കവിതകൾ ചൊല്ലാൻ കഴിയുന്നുണ്ട്. | ☐ |
| ആശയം മനസ്സിലാക്കി ചൊല്ലാൻ കഴിയുന്നുണ്ട്. | ☐ |
| മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുംവിധം കവിത ചൊല്ലാൻ കഴിയുന്നുണ്ട്. | ☐ |
| കവിതയിലെ സവിശേഷപദങ്ങളും പ്രയോഗങ്ങളും ആസ്വദിക്കാൻ കഴിയുന്നുണ്ട്. | ☐ |

# ഗാന്ധിജിയുടെ സന്ദേശം


യാത്രയ്ക്കിടയിൽ ഗാന്ധിജി ഒരു ആശ്രമവിദ്യാലയത്തിലെത്തി. സമയം പ്രഭാതം. പുറത്ത് നല്ല മഴ പെയ്യുന്നുണ്ടായിരുന്നു. പഠനം തുടങ്ങേണ്ട സമയമായി.

കുട്ടികൾ ഓരോരുത്തരായി വന്നുതുടങ്ങുന്നതേയുള്ളൂ.

ഗാന്ധിജി ഓരോ കുട്ടിയെയും സൂക്ഷ്മമായി ശ്രദ്ധിക്കുവാൻ തുടങ്ങി. അവർക്കു കാര്യം മനസ്സിലായി.

നേരം വൈകിയതു ശരിയായോ എന്നാണ് ആ നോട്ടത്തിന്റെ അർത്ഥം.

“ബാപ്പുജീ...അങ്ങ് ക്ഷമിക്കണം. മഴ ശല്യം ചെയ്തതുകൊണ്ടാണ് ഞങ്ങൾ വൈകിയത്”.



ഗാന്ധിജിക്ക് ചിരിവന്നു.

"മഴ എങ്ങനെയാണ് കുട്ടികളേ ശല്യമാവുക? അത് അതിന്റെ ജോലി ചെയ്യുകയല്ലേ. എന്നാൽ നമ്മളോ? മഴയെ കുറ്റപ്പെടുത്തുന്നു. നേരം വൈകുന്നു. ജോലി മറക്കുന്നു. അതല്ലേ സത്യം?"

ഒരു വലിയ ചിന്ത കുട്ടികളിൽ രൂപപ്പെട്ടു തുടങ്ങി. അവർ പരസ്പരം നോക്കി തലയാട്ടി.

"ഇനി വൈകിവരില്ല ബാപ്പൂജീ."

എല്ലാവരും ചേർന്നായിരുന്നു അങ്ങനെ പറഞ്ഞത്.

ഗാന്ധിജി അവരോടുള്ള സ്നേഹഭാഷണം തുടർന്നു.

"നിങ്ങളെല്ലാവരും ഖാദി തന്നെയാണല്ലോ ധരിച്ചിരിക്കുന്നത്?"

"അതേ, ബാപ്പൂജീ" അവർ ഒന്നിച്ചു തലയാട്ടി.

കുട്ടികളെല്ലാവരും സ്വദേശിവസ്ത്രം തന്നെയാണ് ധരിച്ചിരുന്നത്. ഗാന്ധിജിക്കു സന്തോഷമായി.

"ഇനി ഞാൻ ചോദിക്കുന്നത് ശ്രദ്ധയോടെ കേൾക്കണം. എന്നിട്ടേ ഉത്തരം പറയാവൂ."

"നിങ്ങളിൽ എത്രപേർ എപ്പോഴും നേര് പറയുന്നുണ്ട്?" ഗാന്ധിജി ചോദിച്ചു.

കുറച്ചു കുട്ടികൾ കൈ പൊക്കി.

"എന്നാൽ വല്ലപ്പോഴും കള്ളം പറയുന്നവർ നിങ്ങളുടെ കൂട്ടത്തിലില്ലേ? അതെത്രപേർ കാണും?"



രണ്ടു കുട്ടികൾ പെട്ടെന്നുതന്നെ കൈപൊക്കി.

ഗാന്ധിജി സൗമ്യമായി ചിരിച്ചു.

പിന്നെ മൂന്ന്, നാല് ...

കൈകളങ്ങനെ പൊങ്ങാൻ തുടങ്ങി.

ആശ്രമത്തിലെ അധ്യാപകർക്ക് ആശങ്കയായി. ഗാന്ധിജിക്കെന്തു തോന്നും. കള്ളം പറയുന്ന കുട്ടികൾ പഠിക്കുന്ന വിദ്യാലയത്തെക്കുറിച്ച് അദ്ദേഹം എന്താവും വിചാരിക്കുക?

അപ്പോഴേക്കും മുഴുവൻ കുട്ടികളും കൈ ഉയർത്തിക്കഴിഞ്ഞിരുന്നു.

"മിടുക്കർ"- ഗാന്ധിജി അവരെ അഭിനന്ദിച്ചു.

അധ്യാപകർക്ക് സന്ദേഹമായി.

അധ്യാപകരുടെ മുഖഭാവം ഗാന്ധിജി ശ്രദ്ധിച്ചു.

"വല്ലപ്പോഴും കള്ളം പറയുന്നു എന്ന് കുട്ടികൾ സമ്മതിക്കുന്നു. അത് വലിയൊരു സത്യസന്ധതയല്ലേ?"

കുട്ടികളുടെ മുഖത്ത് സന്തോഷം നിറഞ്ഞു.

ഗാന്ധിജി പറഞ്ഞു: "ഒരിക്കലും കള്ളം പറയരുത്..."

കുട്ടികൾ സമ്മതപൂർവം തലയാട്ടി.

''നിങ്ങൾ നന്നായിവരും'' ഗാന്ധിജി കുട്ടികളെ ആശിർവദിച്ചു. "നാളത്തെ വലിയ മനുഷ്യരാണ് ഈ കുട്ടികൾ"- ഇങ്ങനെ പറഞ്ഞ് അദ്ദേഹം യാത്രയായി.



## വായിക്കാം കണ്ടെത്താം

- മഴയെ കുറ്റപ്പെടുത്തിയ കുട്ടികളോട് ഗാന്ധിജി എന്താണു പറഞ്ഞത്?
- ആശ്രമവിദ്യാലയത്തിലെ അധ്യാപകർക്ക് ആശങ്ക തോന്നിയത് എന്തുകൊണ്ടാണ്?

- ഗാന്ധിജി കുട്ടികളെ അഭിനന്ദിച്ചത് എന്തിനായിരുന്നു?
- ഗാന്ധിജി നൽകിയ വിലപ്പെട്ട ഉപദേശം എന്താണ്?



## ഗാന്ധിജിയെ അറിയാം

- എന്റെ ജീവിതമാണ് എന്റെ സന്ദേശം എന്ന് ഗാന്ധിജി പറഞ്ഞു.
- സത്യം മാത്രമേ പറയാവൂ എന്ന് ഉപദേശിച്ച ഗാന്ധിജി അത് സ്വജീവിതത്തിലും പാലിച്ചിരുന്നു.

  – ഗാന്ധിജിയുടെ ജീവചരിത്രത്തിൽനിന്ന് കൂടുതൽ സന്ദർഭങ്ങൾ കണ്ടെത്തി 'എന്റെ ബാപ്പുജി' എന്ന പേരിൽ കുറിപ്പു തയാറാക്കുക.



## മാതൃകയിലുള്ളതുപോലെ എഴുതുക

- അവൻ നോക്കി. അവന്റെ നോട്ടം കണ്ട് എല്ലാവരും അമ്പരന്നു.
- അവൾ പാടി. അവളുടെ ..........................കേട്ട് മറ്റുള്ളവർ കൈയടിച്ചു.
- രവി നടന്നു. അവന്റെ .......................... വേഗത്തിലായിരുന്നു.

## പകരം പദം

അടിവരയിട്ടിരിക്കുന്ന വാക്കുകൾക്കു പകരമായി ഏതു പദം ചേർക്കാം?

- ഒരു വലിയ ചിന്ത കുട്ടികളിൽ രൂപപ്പെട്ടു തുടങ്ങി.
- ഗാന്ധിജി അവരോടുള്ള ഭാഷണം തുടർന്നു.
- വല്ലപ്പോഴും കള്ളം പറയുന്നവർ നിങ്ങളുടെ കൂട്ടത്തിലില്ലേ?

  (നുണ, വിചാരം, സംസാരം, സന്തോഷം)

## പദങ്ങൾ കണ്ടെത്താം

- കുട്ടികൾ സ്നേഹപൂർവം ഗാന്ധിജിയെത്തന്നെ നോക്കിനിന്നു. ഇതുപോലെ 'പൂർവം' എന്ന് ചേർന്നുവരുന്ന എത്ര പദങ്ങൾ കണ്ടെത്താം ?

- ഹൃദയപൂർവം
- 



## കുറിപ്പ് തയാറാക്കാം

- ഏതൊക്കെ മഹദ്വ്യക്തികളെക്കുറിച്ച് നിങ്ങൾക്കറിയാം? ഇഷ്ടപ്പെട്ട ഒരു വ്യക്തിയെക്കുറിച്ച് ലഘുകുറിപ്പ് തയാറാക്കി ബാലസഭയിൽ അവതരിപ്പിക്കുക.



## എന്റെ കുറിപ്പ്

| | |
|---|---|
| ആവശ്യമായ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്. | ☐ |
| ആശയവ്യക്തതയോടെ എഴുതിയിട്ടുണ്ട്. | ☐ |
| തെറ്റുകൂടാതെ എഴുതിയിട്ടുണ്ട്. | ☐ |
| ഉചിതമായ തലക്കെട്ട് നൽകിയിട്ടുണ്ട്. | ☐ |
| നന്നായി അവതരിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. | ☐ |